REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ - ആസിയാൻ ബന്ധത്തിലെ പുരോഗതി പ്രധാനമന്ത്രി നരേന്ദ്രമോദി ആസിയാൻ നേതാക്കൾക്കൊപ്പം വിലയിരുത്തി.**
- **PM ശ്രീ വിഷയത്തിൽ അന്തിമ നിലപാടെടുക്കാൻ CPI സംസ്ഥാന എക്സിക്യൂട്ടീവ് യോഗം ഇന്ന് ആലപ്പുഴയിൽ. CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം തിരുവനന്തപുരത്തും ചേരും.**
- **കോഴിക്കോടിനെ അതിദാരിദ്ര്യമുക്ത ജില്ലയായി നാളെ പ്രഖ്യാപിക്കും.**
- **സംസ്ഥാനത്ത് ഇന്നും മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ ചാമ്പ്യൻഷിപ്പ് ഉറപ്പിച്ച് തിരുവനന്തപുരം ജില്ല ജൈത്രയാത്ര തുടരുന്നു.**

## വാർത്തകൾ വിശദമായി

ഇന്ത്യ - ആസിയാൻ ബന്ധത്തിലെ പുരോഗതി ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദി ആസിയാൻ നേതാക്കൾക്കൊപ്പം വിലയിരുത്തി. തന്ത്രപര സമഗ്ര പങ്കാളിത്തം ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികളും നേതാക്കൾ ചർച്ച ചെയ്തു. ആസിയാൻ ഐക്യത്തിനും കേന്ദ്രീകരണത്തിനും കാഴ്ചപ്പാടിനും ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി വെർച്വൽ അഭിസംബോധനയിൽ ആവർത്തിച്ച് വ്യക്തമാക്കി.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ ഇന്ന് മലേഷ്യയിലെ കൊലാലംപൂരിൽ 20-ാമത് കിഴക്കൻ - ഏഷ്യ ഉച്ചകോടിയിൽ പങ്കെടുക്കും. ഇന്നലെ സിംഗപ്പൂർ പ്രധാനമന്ത്രിയുമായും, വിദേശകാര്യമന്ത്രിയുമായും ഡോ. ജയശങ്കർ കൂടിക്കാഴ്ച നടത്തിയിരുന്നു.

✪✪✪

ഇന്ത്യാ മാരിടൈം വാരാഘോഷം 2025 ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ ഉദ്ഘാടനം ചെയ്യും. വാരാഘോഷത്തിൽ നെസ്കോ എക്സിബിഷൻ സെന്ററിൽ അദ്ദേഹം മുഖ്യപ്രഭാഷണവും നടത്തും. ഇന്ത്യയിലേയും വിദേശത്തേയും നയരൂപീകരണ വിദഗ്ധരും, വ്യവസായികളും, നിക്ഷേപകരും അഞ്ചു ദിവസത്തെ പരിപാടികളിൽ പങ്കെടുക്കും.

✪✪✪

അന്താരാഷ്ട്ര സോളാർ അലൈൻസ് അസംബ്ലി ഇന്ന് ഡൽഹിയിലെ ഭാരതമണ്ഡപത്തിൽ ആരംഭിക്കും. നാല് ദിവസത്തെ സമ്മേളനത്തിൽ 124 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കും. സുസ്ഥിരവും പ്രകാശമാനവുമായ ഭാവിക്ക് സൗരോർജ്ജ ഉപയോഗം വർദ്ധിപ്പിക്കുന്നതിൽ ആഗോള സഹകരണം ആഴത്തിലാക്കാൻ ലക്ഷ്യമിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. സൗരോർജ്ജ വിനിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ദർശനം സമ്മേളനം വിശദമായി ചർച്ച ചെയ്യും.

✪✪✪

നരേന്ദ്രമോദി ഗവണ്മെന്റ് കഴിഞ്ഞമാസം പ്രഖ്യാപിച്ച പുതുതലമുറ GST പരിഷ്കരണങ്ങൾ രാജ്യത്തെ എല്ലാവിഭാഗം ജനങ്ങൾക്കും ഏറെ പ്രയോജനകരമായിക്കഴിഞ്ഞു. ഭക്ഷ്യവസ്തുക്കളുടെ GST നിരക്കുകൾ കുറച്ചത് സാധാരണക്കാർക്ക് എങ്ങനെ സഹായകമായി എന്നതിനെക്കുറിച്ച് ആകാശവാണി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്.

.....വോയ്സ് ......

പുതുതലമുറ GST പരിഷ്കരണങ്ങളിലൂടെ അവശ്യസാധനങ്ങളുടെ നികുതി കുറച്ചത് പൗരന്മാർക്ക് ഗണ്യമായ ആശ്വാസമാണ് നൽകിയത്. പിസ, ബ്രഡ്, ചപ്പാത്തി, ഖക്ര എന്നിവയുടെ നികുതി ഒഴിവാക്കി. നേരത്തെ ഇവയ്ക്ക് അഞ്ചു ശതമാനമായിരുന്നു നികുതി. 18 ശതമാനം നികുതി സ്ലാബിൽ ഉൾപ്പെടുത്തിയിരുന്ന പൊറോട്ടയ്ക്കും നികുതി ഒഴിവാക്കി.

സൂപ്പുകൾ, പഴച്ചാറുകൾ, ചോക്‌ലേറ്റുകൾ, കൊക്കോ ഉൽപ്പന്നങ്ങൾ, ചായ, കാപ്പി മുതലായവയ്ക്കും ഗവൺമെന്റ് GST കുറച്ചു. ഇവയ്ക്കെല്ലാം അഞ്ചു ശതമാനം മാത്രമാണ് ഇപ്പോൾ നികുതി. തേയിലയുടെ നികുതിനിരക്ക് താഴ്ത്തിയപ്പോൾ ഉൽപ്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കാനും സഹായിച്ചു. ഇത് ഉപഭോക്താക്കൾക്ക് പ്രയോജനവും തേയില കയറ്റുമതിക്കാർക്ക് ഉത്തേജനവുമായി. ഭക്ഷ്യോൽപ്പന്നങ്ങളുടെ താങ്ങാനാവുന്ന വില, ദൈനംദിന പോഷകാഹാരലഭ്യത ഉറപ്പാക്കൽ,ഉപഭോഗ പ്രോത്സാഹനം, കുടുംബങ്ങൾക്ക് സാമ്പത്തികാശ്വാസം തുടങ്ങിയ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുകയെന്ന കേന്ദ്രഗവണ്മെന്റിന്റെ നയമാണ് പുതുതലമുറ GST പരിഷകരണങ്ങളിലൂടെ സാധ്യമാകുന്നത്.

✪✪✪

PM ശ്രീ വിഷയത്തിൽ അന്തിമ നിലപാടെടുക്കാൻ CPI സംസ്ഥാന എക്സിക്യൂട്ടീവ് യോഗം ഇന്ന് ആലപ്പുഴയിൽ ചേരും. മന്ത്രി സഭായോഗത്തിൽ ചർച്ച ചെയ്യാതെ ഏകപക്ഷീയമായി തീരുമാനമെടുത്ത CPIM നിലപാടിനെതിരെ CPI നേതാക്കൾ അമർഷം പ്രകടിപ്പിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ ഇന്നത്തെ യോഗത്തിന് ഏറെ പ്രാധാന്യമുണ്ട്.

PM ശ്രീ വിഷയത്തിൽ CPI-യുടെ പരസ്യ വിമർശനം കണക്കിലെടുത്ത് പാർട്ടി നിലപാട് വ്യക്തമാക്കാൻ CPIM അടിയന്തര സംസ്ഥാന സെക്രട്ടറിയേറ്റ് യോഗവും രാവിലെ തിരുവനന്തപുരത്തു ചേരും. യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും പങ്കെടുക്കും. ഗൾഫ് സന്ദർശനം പൂർത്തിയാക്കി മുഖ്യമന്ത്രി ഇന്നലെ രാത്രി തിരിച്ചെത്തിയിരുന്നു.

✪✪✪

പുതിയ വിദ്യാഭ്യാസ നയത്തിനും സാമ്പത്തിക നയങ്ങൾക്കുമെതിരെ കമ്യൂണിസ്റ്റുകാർ പോരാടുന്നത് ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊണ്ടാണെന്ന് CPI ദേശീയ സെക്രട്ടറി അമർജിത്ത് കൗർ പറഞ്ഞു. CPI ശതാബ്ദി സംഗമം കോഴിക്കോട് മുതലക്കുളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അമർജിത്ത് കൗർ.

✪✪✪

മൂന്നാം തവണയും അധികാരത്തിലെത്താൻ കേരളത്തിലെ ഇടതു പക്ഷ പ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ട് പോകുമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ആലപ്പുഴയിൽ പറഞ്ഞു. CPIM ഉം CPIഉം ചേർന്ന് സംഘടിപ്പിച്ച മാരാരിക്കുളം സമരവാർഷിക അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു MV ഗോവിന്ദൻ.

✪✪✪

ആലപ്പുഴയിൽ പുന്നപ്ര വയലാർ രക്തസാക്ഷി വാരാചരണം ഇന്ന് സമാപിക്കും. അല്പസമയത്തിനകം വലിയ ചുടുകാട് രക്തസാക്ഷി സ്മാരകത്തിൽ നിന്നും വയലാറിലേക്ക് ദീപശിഖ പ്രയാണം ആരംഭിക്കും. വൈകിട്ട് വയലാറിലെ പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും, CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും പങ്കെടുക്കും.

✪✪✪

കോൺഗ്രസ് BJPയെ മതേതരത്വം പഠിപ്പിക്കാൻ വരേണ്ടെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്ത് സംസ്ഥാന സമ്മേളനം ചെങ്ങന്നൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിലമ്പൂർ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ കപട മുഖം വ്യക്തമായതാണ്. എല്ലാ മതങ്ങളെയും വിശ്വാസങ്ങളെയും ഒരുപോലെ കാണുന്ന പാർട്ടിയാണ് BJP എന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. കേരള തീരത്ത് നാളെ വരെയും ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ബുധനാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

കോഴിക്കോടിനെ അതിദാരിദ്ര്യമുക്ത ജില്ലയായി നാളെ പ്രഖ്യാപിക്കും. നവംബർ ഒന്നിന് കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായാണ് ജില്ലാതല പ്രഖ്യാപനം. രാവിലെ മന്ത്രി AK ശശീന്ദ്രൻ SK പൊറ്റക്കാട് ഹാളിൽ പ്രഖ്യാപനം നടത്തും. 6,773 കുടുംബങ്ങളെ ദാരിദ്ര്യമുക്ത മാക്കിയാണ് ജില്ലാതല പ്രഖ്യാപനം നടത്തുന്നത്.

✪✪✪

പാലക്കാട് നഗരസഭയുടെ ഏതാനും പദ്ധതികൾ ഉച്ചക്ക് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാടിന് സമർപ്പിക്കും. നഗരസഭ ഓഫീസ് പരിസരത്തെ ചടങ്ങിൽ ആധുനിക സെപ്റ്റേജ് ട്രാൻസ്പോർട്ടേഷൻ വാഹനവും ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ ചാമ്പ്യൻഷിപ്പ് ഉറപ്പിച്ച് തിരുവനന്തപുരം ജില്ല ജൈത്രയാത്ര തുടരുന്നു. മേള നാളെ സമാപിക്കും. സമാപനചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ 117.5 പവൻ സ്വർണക്കപ്പ് ഓവറോൾ ചാമ്പ്യന്മാർക്ക് കൈമാറും.

മേളയിൽ 1616 പോയിന്റോടെ തിരുവനന്തപുരം ബഹുദൂരം മുന്നിലാണ്. 183 സ്വർണം, 129 വെള്ളി, 157 വെങ്കലം എന്നിവ അവർ സ്വന്തമാക്കി. 769 പോയിന്റുമായി തൃശൂരാണ് രണ്ടാംസ്ഥാനത്ത്. 698 പോയിന്റ് നേടി പാലക്കാട് മൂന്നാം സ്ഥാനത്താണ്. 687 പോയിന്റുമായി കണ്ണൂരാണ് നാലാം സ്ഥാനത്ത്.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്..........

ഗെയിംസിലും അക്വാട്ടിക്സിലും തിരുവനന്തപുരം തന്നെയാണ് മുന്നിൽ. 451 ഇനങ്ങൾ പൂർത്തിയായപ്പോൾ 914 പോയിന്റ് അവർ സ്വന്തമാക്കി. അക്വാട്ടിക്സിൽ 649 പോയിന്റാണ് തിരുവനന്തപുരത്തിന്. അത്‌ലറ്റിക്സിൽ 162 പോയിന്റോടെ പാലക്കാടാണ് ഒന്നാം സ്ഥാനത്ത്. 155 പോയിന്റുമായി മലപ്പുറം തൊട്ടുപിന്നിലുണ്ട്.

സ്കൂൾവിഭാഗം അത്‌ലറ്റിക്സിൽ 58 പോയിന്റോടെ മലപ്പുറം കടകശ്ശേരി ഐഡിയൽ ഇംഗ്ലീഷ് മീഡിയം ഹയർസെക്കന്ററിയാണ് ഒന്നാമത്. അത്‌ലറ്റിക്സിലെ 73 ശതമാനം മത്സരങ്ങളും ഗെയിംസിലെ 84 ശതമാനം മത്സരങ്ങളും ഇന്നലെ വരെ പൂർത്തിയായി.

സംസ്ഥാന സ്കൂൾ കായികമേളയിൽ ഇത്തവണ ആദ്യമായി ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ സ്വർണക്കപ്പിനെ വരവേൽക്കാൻ ഉച്ച കഴിഞ്ഞ് തിരുവനന്തപുരം കിഴക്കേകോട്ടയിൽ നിന്ന് വിപുലമായ ഘോഷയാത്ര സംഘടിപ്പിക്കും. സ്വർണക്കപ്പുമായി എത്തുന്ന വാഹനത്തെ അഞ്ഞൂറ് ബൈക്കുകൾ അകമ്പടി സേവിക്കും.

സെൻട്രൽ സ്റ്റേഡിയത്തിൽ ഘോഷയാത്രയുടെ സമാപനചടങ്ങിൽ സ്വർണക്കപ്പ് വിദ്യാഭ്യാസ വകുപ്പിനും മന്ത്രിക്കും ഔദ്യോഗികമായി കൈമാറും.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിലെ ഇന്ത്യ - ബംഗ്ലാദേശ് അവസാന ലീഗ് മാച്ച് മഴയെ തുടർന്ന് ഉപേക്ഷിച്ചു. മഴ നിയമപ്രകാരം 27 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ ഇന്ത്യ 8.4 ഓവറിൽ 57 റൺസ് എടുത്ത ശേഷമുണ്ടായ കനത്ത

മഴയാണ് മത്സരം തടസ്സപ്പെടുത്തിയത്. നേരത്തെ ബംഗ്ലാദേശ് 27 ഓവറിൽ ഒമ്പത് വിക്കറ്റിന് 119 റൺസെടുത്തിരുന്നു.

✪✪✪

റാഞ്ചിയിൽ സമാപിച്ച നാലാമത് സാഫ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഓവറോൾ ചാമ്പ്യന്മാരായി. 20 സ്വർണം ഉൾപ്പെടെ 58 മെഡൽ ഇന്ത്യ സ്വന്തമാക്കി. ശ്രീലങ്കയാണ് രണ്ടാം സ്ഥാനത്ത്. നേപ്പാൾ മൂന്നാമതെത്തി.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ചണ്ഡിഗഢിൽ കേരളത്തിനെതിരെ പഞ്ചാബ് ആദ്യ ഇന്നിംഗ്സിൽ 436 റൺസിന് പുറത്തായി. കേരളത്തിന് വേണ്ടി അംഗിത് ശർമ 4 വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിംഗ് തുടങ്ങിയ കേരളം ഇന്നലെ കളി നിർത്തുമ്പോൾ ഒരു വിക്കറ്റിന് 15 റൺസെടുത്തിട്ടുണ്ട്.

✪✪✪

തുലാം പത്തായ ഇന്ന് വടക്കൻ കേരളത്തിലെ കളിയാട്ടങ്ങൾക്ക് തുടക്കമാകും. നീലേശ്വരം അഞ്ഞൂറ്റമ്പലം ക്ഷേത്രത്തിലെ തുലാപത്ത് തെയ്യത്തോടെയാണ് ഈ വർഷത്തെ കളിയാട്ടങ്ങൾ ആരംഭിക്കുന്നത്.

കാസർകോട്ട് നിന്ന് പി ജഗന്നിവാസൻ....

.....വോയ്സ്.......

✪✪✪

തിരൂർ മിനി സിവിൽ സ്റ്റേഷനിൽ നിർമ്മിച്ച തിരൂർ സ്മാർട്ട് വില്ലേജ് ഓഫീസ് രാവിലെ മന്ത്രി K രാജൻ നാടിന് സമർപ്പിക്കും. പെരുമ്പടപ്പ് സ്മാർട്ട് വില്ലേജ് ഓഫീസും മന്ത്രി ഉദ്ഘാടനം ചെയ്യും. പൊന്നാനി താലൂക്കിലെ ആദ്യ സ്മാർട്ട് വില്ലേജ് ഓഫീസ് ആണിത്.

✪✪✪

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെയും, വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെയും വികസന സദസ്സും, സംസ്ഥാന തല സദസ്സുകളുടെ സമാപനവും ഉച്ച കഴിഞ്ഞ് മന്ത്രി MB രാജേഷ് ചെറുതോണിയിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി റോഷി അഗസ്റ്റിൻ ചടങ്ങിൽ അധ്യക്ഷനായിരിക്കും. പരിപാടിയുടെ ഭാഗമായി രാവിലെ തൊഴിൽമേളയും പ്രദർശനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കോട്ടയത്തിനടുത്ത് കുറുവിലങ്ങാട് MC റോഡിൽ ടൂറിസ്റ്റ് ബസ് മറിഞ്ഞ് ഒരാൾ മരിച്ചു. ഇരിട്ടി സ്വദേശി സന്ധ്യയാണ് മരിച്ചത്. തിരുവനന്തപുരത്ത് നിന്ന് ഇരിട്ടിയിലേക്ക് മടങ്ങുകയായിരുന്ന ബസ് പുലർച്ചെ രണ്ട് മണിയോടെയാണ് അപകടത്തിൽപെട്ടത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*